**പതിനാലാം കേരളനിയമസഭ**

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2327 | 09.03.2018 ന് മറുപടിയ്ക്ക്.

**<u>വന്യജീവി ആക്രമണങ്ങൾക്ക് നഷ്ടപരിഹാരം നല്കുന്നതിന് ഹൈക്കോടതി വിധി</u>**

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ.പാറക്കൽ അബ്ദുല്ല | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) വന്യജീവികൾ കൃഷിയിടങ്ങളിലുണ്ടാക്കുന്ന നാശങ്ങൾക്ക് നഷ്ടപരിഹാരം നൽകാൻ സർക്കാരിന് ബാധ്യതയുണ്ടെന്ന ഹൈക്കോടതി വിധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) എങ്കിൽ വന്യജീവികളെ പ്രതിരോധിക്കുന്നതിന് നിലവിൽ സംസ്ഥാനത്ത് എത്ര കിലോമീറ്റർ സൗരോർജ്ജ വൈദ്യുതി വേലിയും കാട്ടാനകളെ പ്രതിരോധിക്കുന്നതിന് എത്ര കിലോമീറ്റർ കിടങ്ങുകളും തയ്യാറാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) വന്യജീവികളെ പ്രതിരോധിക്കുന്നതിന് നിലവിൽ സംസ്ഥാനത്ത് 1500 കിലോമീറ്റർ സൗരോർജ്ജ വൈദ്യുതി വേലിയും, കാട്ടാനകളെ പ്രതിരോധിക്കുന്നതിന് 584 കി.. മീ. ആന പ്രതിരോധ കിടങ്ങുകളും നിർമ്മിച്ചിട്ടുണ്ട്. |
| (സി) ഹൈക്കോടതി വിധി കനത്ത സാമ്പത്തിക ബാധ്യത വരുത്തുമെന്ന് കരുതുന്നുണ്ടോ; എങ്കിൽ വിധിക്കെതിരെ അപ്പീൽ സമർപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ? | (സി) വന്യജീവി ആക്രമണം മൂലം ജീവനും സ്വത്തിനും ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് വനം വകുപ്പ് നിലവിൽ നഷ്ടപരിഹാരം നൽകി വരുന്നുണ്ട്. അതുകൊണ്ട് ഈ വിധി കനത്ത സാമ്പത്തിക ബാധ്യത വരുത്തുമെന്ന് കരുതുന്നില്ല. |

സെക്ഷൻ ഓഫീസർ